**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 727 | 29.09.2016-ൽ മറുപടിയ്ക്ക് |

**മലബാർ പാക്കേജ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. രാജഗോപാലൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. പി.വി. അൻവർ<br>ശ്രീ. പി.ടി.എ. റഹീം | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് മലബാർ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ഏതെങ്കിലും ആരംഭി ക്കാത്തതായി ഉണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) ആവശ്യമായ ഭൂമി ലഭ്യമല്ലാത്തതു മൂലവും, ഭരണാനുമതി നൽകിയ തുക അപര്യാപ്തമായതിനാലും മഞ്ചേരി നിരത്തു വിഭാഗത്തിനു കീഴിലുള്ള മൂന്നു പ്രവൃത്തികളും, കാസർകോട് നിരത്തു വിഭാഗത്തിനു കീഴിൽ വരുന്ന രണ്ട് പ്രവൃത്തികളും ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) ഇതിൽ ആരംഭിച്ച പ്രവൃത്തികൾ പൂർത്തിയാകാത്തതായി ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) പൂർത്തിയാകാത്തതും, എന്നാൽ ആരംഭിച്ചതുമായ പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി പുതുക്കി നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) പുതുക്കിയ ഭരണാനുമതിയുടെ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നടപടികൾ സ്വീകരിക്കുവാനാകൂ. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | വിശദാംശം |
|---|---|---|
| 1 | കി.മീ. 0/000 മുതൽ 2/850 വരെ നരിക്കുനി 2/850 വരെ നരിക്കുനി ബൈപ്പാസ് നിർമ്മാണവും, ഇൻവെസ്റ്റിഗേഷനും, സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തിയും | സ്ഥലമുടമകളുടെ എതിർപ്പു കാരണം പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുന്നതിന് കരാറുകാരൻ അപേക്ഷ തരികയും, ആയതു പ്രകാരം കരാറുകാരനെ അയാളുടെ ഉത്തരവാദിത്ത്വത്തിലും, ചെലവിലുമല്ലാതെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി. |
| 2 | കാപ്പാട് തുഷാരഗിരി അടിവാരം റോഡിൽ കി.മീ. 61/275 മുതൽ 66/875 വരെ അഭിവൃദ്ധിപ്പെടുത്തൽ ഫേസ് 2 | പ്രവൃത്തി പുരോഗതിയിൽ, 70% പൂർത്തീകരിച്ചു. |
| 3 | കുറുമ്പൊയിൽ വയലിട തലയാട് റോഡിൽ കി.മീ. 0/000 മുതൽ 15/000 വരെ അഭിവൃദ്ധിപ്പെടുത്തൽ | കരാറുകാരന്റെ മരണം കാരണം പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി. ബാക്കി പ്രവൃത്തി ചെയ്യുന്നതിന് പുതുക്കിയ ഭരണാനുമതി ആവശ്യമാണ് |
| 4 | പേരാമ്പ്ര ബൈപ്പാസ് നിർമ്മാണം | അതിർത്തി നിർണ്ണയം പൂർത്തീകരിച്ചു. സാമൂഹിക-സാമ്പത്തിക - ആഘാത പഠന റിപ്പോർട്ട് ചീഫ് എഞ്ചിനീയറുടെ പരിഗണനയിലാണ് |
| 5 | കുറ്റിയിൽക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം | സ്ഥലമെടുപ്പിനുള്ള അർത്ഥന സമർപ്പിച്ചു. സ്ഥലമെടുപ്പ് പുരോഗതിയിൽ |
| 6 | മേത്തോട്ടുതാഴം - കൊമ്മേരി - മാങ്കാവ് റോഡ് നിർമ്മാണം | കോഴിക്കോട് കോർപ്പറേഷനിൽ നിന്നും സ്ഥലം ലഭ്യമാകേണ്ടതുണ്ട് |
| 7 | കുറ്റ്യാടി ബൈപ്പാസ് | സ്ഥലമെടുപ്പ് പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു |
| 8 | കോവിലകം താഴെ പാലം | പാലം പ്രവൃത്തി പൂർത്തീകരിച്ചു. അപ്രോച്ച് റോഡിന് സ്ഥലമെടുപ്പിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടറുടെ പരിഗണനയിലാണ് |
| 9 | പാറക്കടവ് പാലം | പാലം പ്രവൃത്തി പൂർത്തീകരിച്ചു. കരാർ ടെർമിനേറ്റ് ചെയ്തു. ബാക്കി പ്രവൃത്തി പുരോഗതിയിൽ, |
| 10 | ഉള്ളൂർക്കടവ് പാലം | സ്ഥലമെടുപ്പ് പുരോഗതിയിൽ, സാങ്കേതികാനുമതിക്കുള്ള 975 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു |
| 11 | കല്ലാച്ചേരിക്കടവ് പാലം | കണ്ണൂർ ജില്ലയിലെ സ്ഥലമുടമകളുടെ എതിർപ്പു കാരണം സ്ഥലമെടുപ്പ് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. |
| 12 | കോട്ടക്കടവ് പാലം | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഡിസൈൻ പ്രൊപ്പോസൽ പരിശോധനയിലാണ് |
| 13 | അഴീക്കൽകടവ് പാലം | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു.പുതുക്കിയ ഭരണാനുമതിക്കായി 2200 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട് എൽ.എ. നടപടികൾക്കുള്ള അർത്ഥന ജില്ലാ കളക്ടറുടെ പരിഗണനയിലാണ് |
| 14 | കരുവാറ്റ ജീപ്പബിൾ ബ്രിഡ്ജ് | പുതുക്കിയ ഭരണാനുമതി ആവശ്യമാണ്. |
| 15 | കടിയങ്ങാട് പാലം | പുതുക്കിയ ഭരണാനുമതിക്കായുള്ള 720 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു |
| 16 | തുരുത്തിമുക്ക് പാലം | സ്ഥലമുടമകളുടെ എതിർപ്പു കാരണം പ്രവൃത്തി മുടങ്ങിക്കിടക്കുന്നു. |
| 17 | പെരിഞ്ചേരിക്കടവ് പാലം | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. അലൈൻമെന്റ് അംഗീകരിക്കേണ്ടതുണ്ട് |
| 18 | മൂനമണ്ണിൽ ജീപ്പബിൾ ബ്രിഡ്ജ് | 275 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതിക്കായി പരിശോധിച്ചു വരുന്നു |
| 19 | കോവൂർ പാലാഴി റോഡ് | അതിർത്തി നിർണ്ണയ കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള ഭാഗിക സാങ്കേതിക അനുമതിക്കായി 5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ